"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരളീയ പ്രവാസികാര്യ വകുപ്പ് - നോർക്ക ഓഫീസുകളുടെയും സെല്ലുകളുടെയും ശാക്തീകരണം പദ്ധതി (2025-26) - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.734/2025/NORKA തീയതി,തിരുവനന്തപുരം, 03-07-2025

പരാമർശം:-
1. നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 07.05.2025 തീയതിയിലെ ROOTS/283/2025-AD2 നമ്പർ കത്ത്
2. 13.05.2025 തീയതിയിൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കേരളീയ പ്രവാസികാര്യ വകുപ്പിന് കീഴിൽ നോർക്ക റൂട്ട്സ് മുഖാന്തിരം പ്രവാസികളായ മലയാളികൾക്ക് പ്രത്യേകിച്ച് ഇവരുടെ പുതുതലമുറയ്ക്ക് കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ചുള്ള അവബോധം, ഭാഷാപഠനം, സമ്പർക്ക പരിപാടികൾ നടപ്പിലാക്കൽ, അന്യസംസ്ഥാനങ്ങളിലെ മലയാളികൾക്ക് ആയാസരഹിതവും സൗകര്യപ്രദവുമായി നോർക്കയുടെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി മറ്റ് സംസ്ഥാനങ്ങളിലും കൂടി നോർക്ക റൂട്ട്സിന് കാര്യാലയം സ്ഥാപിക്കുക തുടങ്ങിയ ഉദ്ദേശ്യത്തോടുകൂടി നോർക്ക ഓഫീസുകളുടെയും സെല്ലുകളുടേയും ശാക്തീകരണം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

2) നോർക്ക ഓഫീസുകളുടെയും സെല്ലുകളുടെയും ശാക്തീകരണം എന്ന പദ്ധതിയ്ക്കായി 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ ₹200/- (ഇരുനൂറ് ലക്ഷം രൂപ മാത്രം) 2230-01-103-12 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനായി നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച പ്രൊപ്പോസൽ 13.05.2025 തീയതിയിൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും ഭരണാനുമതി നൽകുവാൻ തീരുമാനിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ, നോർക്ക ഓഫീസുകളുടെയും സെല്ലുകളുടെയും ശാക്തീകരണം എന്ന പദ്ധതിക്കായി 2025-26 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച ₹200/- ലക്ഷം (ഇരുനൂറ് ലക്ഷം രൂപ മാത്രം) 2230-01-103-12 (പ്ലാൻ എന്ന ശീർഷകത്തൽ നിന്നും ചെലവഴിച്ച് ചുവടെ പ്രതിപാദിച്ചിട്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

| Sl. No. | Components | Amount (in Lakh) |
|---|---|---|
| 1 | Providing infrastructural maintenance/ improving the physical conditions of Norka Centre, Regional Office, Satellite Offices and District Norka Cells | 180 |

| | | |
|---|---|---|
| | | |
| 2 | Printing, Stationery, IT and Infrastructure (Centralized Purchasing) | 10 |
| 3 | Administration expenses, Capacity building | 10 |
| **TOTAL** | | **200** |

3) ടി പദ്ധതി നടത്തിപ്പിന് പ്രസക്തമായ എല്ലാ Codel formalities-ഉം കർശനമായും പാലിക്കുന്നുണ്ടെന്ന് നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൃത്യമായി ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ഭരണാനുമതി ലഭിച്ചതിൻ പ്രകാരമുള്ള തുക ചെലവഴിക്കുന്നതിന് സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാക്കുമ്പോൾ 2024-25 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ അനുവദിച്ചിരുന്ന അനുവദിച്ചിരുന്ന തുക വിനിയോഗിച്ചത് സംബന്ധിച്ച് വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള റിപ്പോർട്ട് (Utilization certificate) കൂടി ലഭ്യമാക്കേണ്ടതാണ്.

4) കൂടാതെ ദിവസവേതന/ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ കാലകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾ കൃത്യമായി പാലിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് ഹരികിഷോർ ഐ എ എസ്
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം.
ജില്ല ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണവും സാമ്പത്തികകാര്യവും (സി.പി.എം.യു.) വകുപ്പ്
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Githin. S. V
Date: 10-07-2025 09:52:18
സെക്ഷൻ ഓഫീസർ